2009, ഖുത്ബ നമ്പര്‍- 17

بسم الله الرحمن الرحيم

ഖുത്ബ
24.04.2009
ബൈത്തുല്‍ ഫുതൂഹ്, ലണ്ടന്‍

# "സൃഷ്ടിസേവനത്തില്‍ മുന്നേറുക"

നമ്മുടെ നിത്യജീവിതത്തില്‍ പലപ്പോഴും കേള്‍ക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഒരു വാക്കാണ് نَفْعٌ (ലാഭം, ഗുണം) എന്നത്. ബിസ്സിനസ്സുകാരുടെ പ്രവര്‍ത്തനങ്ങളുടെ അടിസ്ഥാനം തന്നെ ഈ വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു. ചെറിയ കച്ചവടക്കാരനാണെങ്കിലും അതല്ല ലോകം മുഴുവനും വ്യാപിച്ചുകിടക്കുന്ന കച്ചവടം നടത്തുന്ന മള്‍ട്ടിമില്ല്യനയര്‍ ആണെങ്കിലും അവര്‍ എപ്പോഴും തന്നെ ഈ കച്ചവടങ്ങളില്‍ എങ്ങിനെയാണ് കൂടുതല്‍ ലാഭം ഉണ്ടാക്കാന്‍ സാധിക്കുക എന്ന ചിന്തയിലായിരിക്കും. ഇതിനുവേണ്ടി അനുവദനീയമായ മാര്‍ഗ്ഗങ്ങള്‍ അവര്‍ അവലംബിക്കുന്നു. ഇന്നാണെങ്കില്‍ അനുവദനീയമല്ലാത്ത മാര്‍ഗ്ഗങ്ങളും ജനങ്ങള്‍ സ്വീകരിച്ചുവരുന്നു. ഇതേപോലെ ബിസിനസ്സ് ചെയ്യാത്ത ഒരു സാധാരണക്കാരനും തനിക്ക് ലാഭകരമായ ഏത് പ്രവൃത്തിയാണ് ലഭിക്കുക എന്ന് ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഏതുവസ്തുവിലാണ് തനിക്ക് കൂടുതല്‍ നേട്ടം ലഭിക്കുക എന്നും അവന്‍ അന്വേഷിക്കുന്നു. ഭൗതികതലത്തില്‍ ഈ വാക്കിന്റെ പ്രയോഗമാണ് ഞാനിപ്പോള്‍ വിവരിച്ചത്. ഈ വാക്ക് മതരംഗത്തും ആത്മീയരംഗത്തും വളരെ കൂടുതല്‍ ഉപയോഗിച്ചുവരുന്നു. ഇതുസംബന്ധമായി ഹദീസുകളുടേയും വിശുദ്ധഖുര്‍ആന്റെയും അടിസ്ഥാനത്തില്‍ ചില കാര്യങ്ങള്‍ ഞാന്‍ വിവരിക്കുന്നതാണ്.

അറബി ഭാഷയിലും ഈ വാക്ക് ഉപയോഗിക്കാറുണ്ട്. അതുകൊണ്ട് ആദ്യം ഞാന്‍ ഈ വാക്കിന്റെ ഭാഷാര്‍ത്ഥം വിവരിക്കുകയാണ്. ഏതെങ്കിലും ഒരു വസ്തു മനുഷ്യന് പ്രയോജനപ്രദമാകുന്നതിനാണ് نَفَعَ എന്നു പറയുക. ഏതെങ്കിലും വസ്തു മനുഷ്യന് ലഭ്യമാകുക, സേവനത്തിനായി ലഭിക്കുക, ഉപയോഗപ്രദമാകുക എന്നെല്ലാമാണ് ഇതിന്റെ അര്‍ത്ഥം. ലൈന്‍ എന്ന ഇംഗ്ലീഷ് നിഘണ്ടുവിലാണ് ഈ അര്‍ത്ഥങ്ങള്‍ നല്‍കിയിട്ടുള്ളത്. ഇതില്‍ نَفَّعَ എന്നതിന് നല്‍കിയിരിക്കുന്ന അര്‍ത്ഥം ഒരു വ്യക്തി മറ്റൊരാള്‍ക്ക് ഗുണപ്രദമായിത്തീരുക എന്നാണ്. ചില ഹദീസുകളുടെ അടിസ്ഥാനത്തില്‍ മറ്റുള്ളവര്‍ക്ക് പ്രയോജനകാരികളായി മാറുക എന്നതാണ് ഒരു മുഅ്മിന്റെ ലക്ഷണമായി പറഞ്ഞിരിക്കുന്നത്. മുഫ്റദാത്ത് എന്ന നിഘണ്ടുവില്‍ എഴുതിയിരിക്കുന്നത് اَلنَّفْعُ എന്നത് നന്മയിലേക്ക് എത്തിച്ചേരാന്‍ ഉപകരിക്കുന്ന എല്ലാ വസ്തുവിനും പറയുന്ന പേരാണ്. ചുരുക്കത്തില്‍ നന്മക്കാണ് നഫ്അ എന്നുപറയുന്നത്. ലൈന്‍ എന്ന നിഘണ്ടുവില്‍ എഴുതുന്നു, ഒരാളുടെ ലക്ഷ്യം കരസ്ഥമാക്കുന്നതിനുള്ള മാര്‍ഗ്ഗം എന്നും ഇതിന് അര്‍ത്ഥമുണ്ട്. ലിസാനുല്‍ അറബ് എന്ന നിഘണ്ടുവില്‍ നല്‍കിയിരിക്കുന്ന അര്‍ത്ഥം اَلنَّافِعْ എന്നത് അല്ലാഹുവിന്റെ നാമങ്ങളില്‍ പെട്ടതാണ് എന്നാണ്. തന്റെ സൃഷ്ടികളില്‍ ആരിലെല്ലാം ഗുണം എത്തിക്കാന്‍ അവന്‍ ഉദ്ദേശിക്കുന്നുവോ അവര്‍ക്കെല്ലാം ഗുണം എത്തിക്കാന്‍ കഴിവുള്ള അസ്തിത്വത്തിനാണ് اَلنَّافِعْ എന്ന് പറയുന്നത്.

ഇതിനുശേഷം ഹദീസുകളുടെ വെളിച്ചത്തില്‍ ഈ പദം ഏതെല്ലാം രീതിയില്‍ ഒരു വിശ്വാസിയില്‍ സ്വാധീനം ചെലുത്തപ്പെടണം എന്നകാര്യം ഞാന്‍ വിവരിക്കുന്നതാണ്. ഒരു വിശ്വാസി ഭൗതികനെപ്പോലെ എപ്പോഴും തന്റെ ലാഭത്തെക്കുറിച്ച് മാത്രമല്ല ചിന്തിക്കുക. മറ്റുള്ളവര്‍ക്ക് ഗുണം ലഭിക്കുന്നതിനെകുറിച്ചും അവന്‍ ചിന്തിക്കുന്നതായിരിക്കും. അവര്‍ അങ്ങിനെ ചിന്തിക്കേണ്ടതാണ്. വിശുദ്ധഖുര്‍ആനില്‍നിന്നും തിരുനബി(സ) യില്‍നിന്നും ലഭിച്ച അദ്ധ്യാപനങ്ങളില്‍നിന്നും മനസ്സിലാകുന്നത് ഇതാണ്. മറ്റുള്ളവര്‍ക്ക് ഗുണം എത്തിക്കുന്നതിനുള്ള വിവിധ മാര്‍ഗ്ഗങ്ങള്‍ തിരുനബി(സ) നമുക്ക് വിവരിച്ചുതന്നിട്ടുണ്ട്. ഇതുസംബന്ധമായി ചില ഹദീസുകള്‍ കേള്‍പ്പിക്കുകയാണ്.

സഈദ്ബ്നു അബീ വര്‍ദ തന്റെ പിതാവില്‍നിന്നും അദ്ദേഹം തന്റെ പിതാവ് ഹദ്റത്ത് അബൂ മൂസാ അശ്അരി (റ)വില്‍നിന്നും രിവായത്ത് ചെയ്യുന്നു, അദ്ദേഹം തിരുനബി(സ) ഇപ്രകാരം പറയുന്നതായി കേട്ടു. " ദാനധര്‍മ്മം (സദഖ) ചെയ്യേണ്ടത് ഓരോ മുസ്ലിമിനും നിര്‍ബന്ധമാണ്." ജനങ്ങള്‍ ചോദിച്ചു, അല്ലാഹുവിന്റെ പ്രവാചകരെ, അതിനുള്ള കഴിവില്ലാത്തവരെന്തുചെയ്യും? തിരുനബി(സ) അരുളി, "അവന്‍ സ്വന്തം കൈകൊണ്ട് പണിയെടുക്കുകയും അങ്ങിനെ സ്വയം പ്രയോജനമെടുക്കുകയും മറ്റുള്ളവര്‍ക്ക് പ്രയോജനമെത്തിക്കുകയും ചെയ്യുക." ജനങ്ങള്‍ ചോദിച്ചു, ജോലി ചെയ്യാന്‍ കഴിയാത്ത ഒരാളാണെങ്കിലോ? അവിടന്ന് അരുളി, "പ്രയാസപ്പെടുന്ന ആളുകളെ സഹായിക്കുക." ഇതിനും കഴിയുന്നില്ലെങ്കിലോ? തിരുനബി(സ) അരുളി, "അങ്ങിനെയുള്ള വ്യക്തി നല്ല കാര്യങ്ങള്‍ ചെയ്യുകയും തിന്മയില്‍നിന്ന് വിട്ടുനില്‍ക്കുകയും ചെയ്യുക. അയാളുടെ ഭാഗത്തുന്നിന്നുള്ള സദഖയാണിത്. "

മറ്റൊരു ഹദീസ്. ഹദ്റത്ത് അബൂഹുറൈറ(റ) വിവരിക്കുന്നു, റസൂല്‍(സ) ഇപ്രകാരം അരുളി, വിഴിയില്‍ വീണുകിടക്കുന്ന മരത്തിന്റെ ഒരു കമ്പ് ഒരാള്‍ കാണാനിടയായി. അയാള്‍ പറഞ്ഞു, അല്ലാഹുവാണെ സത്യം; മുസ്ലിംകള്‍ക്ക് ഇതുമുഖേന പ്രയാസം നേരിടാതിരിക്കാന്‍ ഞാന്‍ ഇത് വഴിയില്‍നിന്നും മാറ്റുന്നതാണ്. ഇതുകാരണം അദ്ദേഹത്തെ സ്വര്‍ഗ്ഗത്തില്‍ പ്രവേശിപ്പിക്കുകയുണ്ടായി.

ഹദ്റത്ത് അബൂ സഈദ് ഖുദ്രി(റ) വിവരിക്കുന്നു; റസൂലുല്ലാഹി (സ) അരുളി, ജനങ്ങള്‍ക്കിടയിലുള്ള പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിനും മതകാര്യങ്ങളില്‍ അല്ലാഹു പ്രയോജനം നല്‍കാന്‍ ഉദ്ദേശിക്കുകയും ചെയ്യുന്ന അറിവിനെ ആരാണോ മറച്ചുവെക്കുന്നത് ഖിയാമത്ത് നാളില്‍ അങ്ങിനെയുള്ളവര്‍ക്ക് അല്ലാഹു അഗ്നിയുടെ കടിഞ്ഞാണ്‍ അണിയിക്കുന്നതാണ്.

ഇതില്‍നിന്നെല്ലാം മനസ്സിലാകുന്നത് ഒരു വിശ്വാസിയെ സംബന്ധിച്ചടുത്തോളം തനിക്ക് മാത്രം ലാഭം ഉണ്ടാക്കി പണം സ്വരുക്കൂട്ടുന്നതിലല്ല യഥാര്‍ത്ഥ ലാഭമുള്ളതെന്നും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിലാണ് യഥാര്‍ത്ഥ ലാഭമുള്ളത് എന്നുമാണ്. ഇത് എന്നെന്നും നിലനില്‍ക്കുന്ന ലാഭമായിരിക്കും. അതിന്റെ പ്രതിഫലം പരലോകത്ത് വെച്ച് ലഭിക്കുന്നതാണ്. മുകളില്‍ കൊടുത്തിരിക്കുന്ന ഹദീസുകളില്‍ നമുക്ക് ലഭിക്കുന്ന ഈ നേട്ടത്തിന്നായി ആദ്യം പറഞ്ഞിരിക്കുന്ന പ്രവൃത്തി സദഖ നല്‍കുക എന്നതാണ്. ദരിദ്രരും പാവങ്ങളും അനാഥരും ആവശ്യക്കാരുമായവരുടെ പട്ടിണിയും നഗ്നതയും അകറ്റുന്നതിന്നായി നല്‍കപ്പെടുന്നതാണ്. ആ സദഖ.

ഹദ്റത്ത് ആയിശ (റ) വിവരിക്കുന്ന ഒരു ഹദീസില്‍ ഇപ്രകാരം കാണാം; 'ഒരിക്കല്‍ അവര്‍ ഒരാടിനെ അറുത്തു. അതിന്റെ മാംസ

ത്തിൽനിന്ന് അൽപം മാത്രം വീട്ടിൽ വെച്ചതിനുശേഷം ബാക്കി എല്ലാം പാവങ്ങൾക്കിടയിൽ വിതരണം ചെയ്തു. തിരുനബി(സ) അവരോട് ചോദിച്ചു, ആടിനെ അറുത്തതിൽനിന്ന് ഇനി എത്ര മാംസം ബാക്കിയുണ്ട്? ഹദ്റത്ത് ആയിശ(റ) പറഞ്ഞു, എല്ലാം വിതരണം ചെയ്തു. ഒരു കയ്യുടെ മാംസം മാത്രം ബാക്കിയുണ്ട്. ഇതുകേട്ട പ്പോൾ തിരുനബി(സ) അരുളി "ഈ മാംസമല്ലാത്ത മറ്റെല്ലാ മാംസവും നമുക്ക് ലഭിച്ചു. കാരണം പ്രതിഫലം അതിനുമാത്രമേ ലഭിക്കുകയു ള്ളൂ. ജനങ്ങൾക്കായി നാം ചെലവഴിക്കുന്നതിനാണ് സ്ഥായിയായ ആദായം ലഭിക്കുന്നത്." ഇതായിരുന്നു ആ പരിപൂർണ്ണമനുഷ്യന്റെ മാതൃക. ആ മഹാത്മാവ് എപ്പോഴും തന്നെ ദൈവപ്രീതിയാണ് മുന്നിൽ കണ്ടുകൊണ്ടിരുന്നത്. ഭൗതിക വസ്തുക്കളോട് അദ്ദേഹ ത്തിന് താത്പര്യം ഉണ്ടായിരുന്നില്ല.

ഓരോരുത്തർക്കും ഈ സ്ഥാനം കരസ്ഥമാക്കാൻ സാധ്യമല്ലെ ങ്കിലും ഈ മാതൃക നിലനാട്ടിക്കൊണ്ട് നിങ്ങളും ഈ മാതൃക പിൻതു ടർന്നുകൊണ്ട് ദരിദ്രരെ സേവിക്കുന്നവരായി മാറണമെന്നും അല്ലാ ഹുവിൽനിന്ന് ലഭിക്കുന്നതാണ് യഥാർത്ഥത്തിലുള്ള ലാഭമെന്ന് നിങ്ങൾ മനസ്സിലാക്കണമെന്നും നമുക്ക് പാഠം നൽകുകയാണ്. സദ ഖയുടെ പ്രാധാന്യത്തെകുറിച്ച് പറഞ്ഞുകൊണ്ട് തിരുനബി(സ) സഹാബത്തിനെ ഉപദേശിച്ചത് സ്വയം തൊഴിലെടുത്ത് സമ്പാദിച്ച് അതിൽനിന്ന് സദഖ ചെയ്യുക എന്നതാണ്. ഇതുകൊണ്ട് നിങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതോടൊപ്പം സമൂഹത്തിനും പ്രയോജനം ലഭി ക്കുന്നതാണ്. നിങ്ങൾ സമൂഹത്തിന് ഭാരമായി മാറരുത്. നിങ്ങൾ തൊഴിലെടുക്കുന്നവാരണെങ്കിൽ സമൂഹത്തിന് നിങ്ങൾ ഭാരമായി ത്തീരാതെ കൊടുക്കുന്ന കയ്യായി നിങ്ങൾ മാറുന്നതാണ്. ഈ കൈ ദൈവപ്രീതി കരസ്ഥമാക്കുന്ന കൈയ്യായിരിക്കും.

ഇവിടെ പാശ്ചാത്യനാടുകളിൽ ഗവൺമെന്റിൽനിന്നും സോഷ്യൽ അലവൻസ് കൈ പറ്റാറുണ്ട്. ഇങ്ങിനെയുള്ളവർ ഇത്തരുണത്തിൽ ചിന്തിക്കേണ്ടതാണ്. ചിലപ്പോൾ നമ്മുടെ വിദ്യാഭ്യാസ യോഗ്യത അനു സരിച്ച് ജോലി ഒന്നും ലഭിക്കുന്നില്ലെങ്കിലും ഏതു ജോലി കിട്ടുക യാണെങ്കിലും തൊഴിലെടുത്ത് ജീവിക്കുന്ന ശീലം നാം ഉണ്ടാക്കി യെടുക്കേണ്ടതാണ്. ഗവൺമെന്റിന്റെ ചിലവ് ചുരുക്കുന്നവരായി നാം മാറണം. ഒരു അഹ്മദിയെ സംബന്ധിച്ചെടുത്തോളം തെറ്റായ രീതിയിൽ റിപ്പോർട്ട് നൽകിക്കൊണ്ട് ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിച്ച് ഏതെങ്കിലും രീതിയിലുള്ള ആനുകൂല്യം കൈപറ്റുന്നത് ഒരിക്കലും നമുക്ക് ഗുണം ചെയ്യില്ല എന്നുമാത്രമല്ല അത് ദോഷകരമായിത്തീരു ന്നതാണ്. ഇതേപോലെ പാകിസ്ഥാൻ, ഇന്ത്യ പോലുള്ള ദരിദ്ര നാട്ടിലെ അഹ്മദികളും വാങ്ങുന്ന കൈയ്യായിത്തീരാതെ കൊടുക്കുന്ന കൈ യ്യായിത്തീരാൻ പരിശ്രമിക്കേണ്ടതാണ്.

സഹാബാക്കൾ തിരുനബി(സ) യോട് ചോദിച്ചത് തൊഴിലെടുത്ത് ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണെങ്കിൽ എന്തുചെയ്യു മെന്നാണ്. ചിലപ്പോൾ ഒരു ജോലിയും ലഭിക്കുന്നുണ്ടാവില്ല. അതുമ ല്ലെങ്കിൽ ഏതെങ്കിലും ഒരു ചെറിയ ജോലി കിട്ടിയിട്ടുണ്ടെങ്കിൽ തന്നെ സ്വന്തം ജീവിതചിലവ് തന്നെ മുന്നോട്ട് കൊണ്ടുപോകാൻ പ്രയാസമായിരിക്കും. അങ്ങിനെയുള്ളവർക്ക് സദ്ഖ ചെയ്യാൻ സാധ്യ മല്ല. ഈ അവസരത്തിൽ ഞങ്ങളെന്തുചെയ്യണമെന്ന് ചോദിച്ചപ്പോൾ തിരുനബി(സ) പറഞ്ഞത് മറ്റുള്ളവരെ സഹായിക്കാനുള്ള വിവിധ അവസരങ്ങളുണ്ട്. അത് പ്രയോജനപ്പെടുത്തുക. മറ്റുള്ളവർക്ക് പല രീതിയിലുള്ള ഉപകാരവും നമുക്ക് ചെയ്യുവാൻ സാധിക്കുന്നതാണ്. ഇങ്ങിനെയുള്ള ഉപകാരം ചെയ്യുന്നതിനുള്ള ഉത്തമ മാതൃക തിരു നബി(സ) നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. തിരുനബി(സ)യെകുറിച്ച് തെറ്റായ വാർത്തകൾ നൽകപ്പെട്ട ഒരു കിഴവി ഭാരം ചുമന്നുകൊ ണ്ടുപോകുന്ന തു കണ്ട പ്രവാചകൻ ആ ചുമടും പേറി അവർക്ക് എത്തേണ്ട സ്ഥലം വരെ എത്തിക്കുന്നു. ഈ കിഴവിക്ക് തിരുനബി( സ) ആരാണെന്ന് അറിയില്ലായിരുന്നു. പുറത്ത്നിന്ന് പട്ടണത്തിൽ വന്നവരായിരുന്നു അവർ. വഴിമദ്ധ്യേ അവർ മുഹമ്മദിനെകുറിച്ച് പല കാര്യങ്ങളും തിരുനബി(സ) യോട് പറയുന്നുണ്ടായിരുന്നു. അതെല്ലാം കേട്ട് ഒന്നും പ്രതികരിക്കാതെ അവരുടെ ലക്ഷ്യസ്ഥാന ത്തേക്ക് ഭാണ്ഡവും പേറി തിരുനബി(സ) നടക്കുകയാണ്. അങ്ങി നെ ആ കിഴവിക്ക് എത്തേണ്ട സ്ഥലത്ത് എത്തിയപ്പോൾ തിരുനബി (സ) അരുളി; ഏതൊരു മന്ത്രജാലക്കാരനിൽനിന്നും വിട്ടുനിൽക്കാൻ ജനങ്ങൾ നിങ്ങളെ ഉപദേശിച്ചുവോ ആ മന്ത്രജാലക്കാരൻ ഞാൻ തന്നെയാണ്. ഇതു കേട്ടപ്പോൾ പെട്ടെന്ന് ആ പാവം കിഴവി പറ ഞ്ഞു. എങ്കിൽ നിന്റെ മന്ത്രജാലത്തിൽ ഞാൻ കുടുങ്ങിയിരിക്കു ന്നു. ചുരുക്കത്തിൽ മറ്റുള്ളവരെ ഏതുരീതിയിൽ നാം സഹായി ക്കുകയാണെങ്കിലും അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ നാം ശ്രമിക്കുകയാണെങ്കിലും അതെല്ലാം സദ്ഖ തന്നെയാണ്.

സഹാബത്ത് ചോദിക്കുന്നു. ഇതുപോലും ചെയ്യാൻ കഴിയാത്ത ഒരു വ്യക്തിയാണെങ്കിൽ അവൻ എങ്ങിനെയാണ് സദഖ ചെയ്യുക. തിരുനബി (സ) അരുളി. അല്ലാഹു നമ്മോട് ചെയ്യാൻ പറഞ്ഞ എത്രയോ നന്മകളുണ്ട് ആ നന്മകൾ ചെയ്യുക. അതോടൊപ്പം തിന്മ കളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യുക. ഇതാണ് അവർ നൽകുന്ന സദഖ. ഇത് ദരിദ്രത്തിൽ ദരിദ്രനായ വ്യക്തിക്ക് പോലും ചെയ്യാൻ കഴിയുന്നതാണ്. ഇതിന് ഒരു ചെലവും വരില്ല. ശാരീരിക ശക്തിയുടേയും ആവശ്യമില്ല. ഇവിടെ ചെറിയ ചെറിയ നന്മക്ക് പോലും നമ്മുടെ സ്നേഹനിധിയായ അല്ലാഹു പ്രതിഫലം വെച്ചി ട്ടുണ്ട്. തിരുനബി (സ) മുഖേന ഇതിനെക്കുറിച്ചുള്ള അറിവ് നമുക്ക് നൽകുകയും ചെയ്തു. വഴിയിൽ കിടക്കുന്ന മരത്തിന്റെ ഒരു ശിഖിരം മുഅ്മിനീങ്ങൾക്ക് മാർഗ്ഗ തടസ്സം സൃഷ്ടിക്കും എന്ന് കരുതി അത് മാറ്റിയവനെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കു ന്നു. ചുരുക്കത്തിൽ എന്തുമാത്രം ലാഭകരമായിരിക്കുന്ന കച്ചവട മാണിത്. അതിരറ്റ അനുഗ്രഹങ്ങളാണ് അവൻ നൽകുന്നത്. മനു ഷ്യന് ചിന്തിക്കാൻ പോലും കഴിയാത്തത്ര അനുഗ്രഹങ്ങളാണ് അവൻ നൽകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

മനുഷ്യന് രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കണം. തിന്മയിൽ നിന്നും വിട്ടുനിൽക്കുകയും നന്മയിലേക്ക് മുന്നേറുകയും ചെയ്യുക. നന്മക്ക് രണ്ട് വശങ്ങളാണുള്ളത്. ഒന്ന് തിന്മ ഉപേക്ഷിക്കുക. രണ്ട് നന്മ ചെയ്യു ക. തിന്മ ഉപേക്ഷിച്ചതുകൊണ്ട് മാത്രം ഒരാൾ പൂർണ്ണതയിൽ എത്തു കയില്ല. അതോടൊപ്പം മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നവനായിത്തീ രുകയും വേണം. ഒരാളിൽ ഇങ്ങനെയുള്ള ഗുണങ്ങൾ കാണുമ്പോ ഴാണ് അവൻ ജീവിതത്തിൽ എത്രമാത്രം മാറ്റം വരുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കുക. ഇതെല്ലാം ലഭിക്കണമെങ്കിൽ അല്ലാഹുവിന്റെ സിഫ ത്തുകളിൽ വിശ്വാസമുണ്ടായിരിക്കണം. അതോടൊപ്പം അതിനെക്കു റിച്ചുള്ള അറിവും ഉണ്ടായിരിക്കേണ്ടതാണ്. ഇതില്ലാത്തിടത്തോളം കാലം തിന്മയിൽ നിന്ന് മനുഷ്യന് രക്ഷപ്പെടാൻ സാധ്യമല്ല. മറ്റുള്ളവർക്ക് പ്രയോജനം എത്തിക്കുക എന്നത് വലിയ കാര്യമാണ്. രാജാക്കന്മാരുടെ പ്രതാപം കണ്ടും അതേപോലെ ഭരണഘടനയിലെ നിയമങ്ങൾ അറിഞ്ഞും ചിലപ്പോൾ ജനങ്ങൾ ഭയക്കാറുണ്ട്. പലരും ഇതുകാ രണം നിയമം ലംഘിക്കാറില്ല. എന്നിട്ടും എന്തുകൊണ്ട് അഹ്കമുൽ ഹാക്കമായ (വിധികർത്താക്കളുടെ വിധികർത്താവായ) അല്ലാഹു വിന്റെ കൽപനകളെ ലംഘിക്കുന്നതിൽ ജനങ്ങൾ ധൈര്യപ്പെടുന്ന

ത്. (അല്ലാഹുവിന്റെ സിഫത്തുകളെ ക്കുറിച്ചുള്ള അറിവുണ്ടെങ്കിൽ അവന്റെ കൽപനകൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നതാണ്.) ഇതിനുള്ള ഒരേ ഒരു കാരണം അവനിൽ പൂർണ്ണവിശ്വാസം ഇല്ല എന്നതുതന്നെയാണ്.

തിരുനബി (സ) മറ്റുള്ളവർക്ക് അറിവ് പകർന്നുകൊടുക്കാൻ കൽപിച്ചിട്ടുണ്ട്. ഭൗതിക അറിവാണെങ്കിലും ആത്മീയ അറിവാണെങ്കിലും അത് മറ്റുള്ളവർക്ക് ഫലപ്രദമാണെങ്കിൽ അത് അവർക്ക് നൽകുമ്പോൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കിക്കൊണ്ടുള്ള ഒരു ലാഭകരമായ കച്ചവടമാണ് നാം ചെയ്യുന്നത്. അല്ലാഹു നൽകിയിരിക്കുന്ന അറിവിനെ നാം മൂടിവെക്കുകയാണെങ്കിൽ, ഈ അറിവ് മറ്റൊരാൾക്ക് നൽകിയാൽ അവന്റെ അറിവ് വർദ്ധിക്കില്ലെ എന്ന് കരുതി അതിനെ മറച്ചുവെക്കുകയാണെങ്കിൽ അങ്ങനെയുള്ളവരെ സംബന്ധിച്ച് വളരെ താക്കീദാണ് തിരുനബി (സ) നൽകിയിരിക്കുന്നത്. ഇങ്ങനെയുള്ള ശീലങ്ങൾ കയ്യൊഴിയാൻ തന്റെ ഉമ്മത്തിനെ ഉപദേശിക്കുകയും അതിന്നായി ചില ദുആകൾ അവിടുന്ന് പഠിപ്പിച്ചു തരികയും ചെയ്തു. മറ്റുള്ളവർക്കായി തന്റെ ഓരോ നിമിഷവും ചിലവിട്ട പരിപൂർണ്ണ മനുഷ്യനായ പ്രവാചകർ (സ) തന്റെ തിരുസഹായത്തിന്റെ മുമ്പാകെ ഇങ്ങനെയുള്ള പ്രാർത്ഥനാ വരികൾ ഉരുവിടുമ്പോൾ ഇതിൽ അവർക്കൊരു സന്ദേശം അടങ്ങിയിരുന്നു. ഈ പ്രാർത്ഥനകൾ നിങ്ങളും ശീലമാക്കുകയും ലോകാന്ത്യം വരെ ഇത് തുടർന്നുകൊണ്ട് പോകുകയും ചെയ്യുക എന്നതാണ് ആ സന്ദേശം. ഈ ദുആകളിൽ നിന്ന് രണ്ട് ദുആകൾ ഞാൻ കേൾപ്പിക്കാം.

ഹദ്റത്ത് അബ്ദുല്ലാഹ്ബ്നു അമർ (റ) വിവരിക്കുന്നു. ഹദ്റത്ത് റസൂൽ (സ) ഇപ്രകാരം അരുളാറുണ്ടായിരുന്നു. അല്ലാഹുവേ! നിന്നെ ഭയപ്പെടാത്ത ഹൃദയം ലഭിക്കുന്നതിൽ നിന്നും ഉത്തരം ലഭിക്കാത്ത പ്രാർത്ഥനകൾ ചെയ്യുന്നതിൽ നിന്നും തൃപ്തി അടയാത്ത ആത്മാവിൽ നിന്നും ഫലം നൽകാത്ത അറിവിൽ നിന്നും നിന്നെ ഞാൻ അഭയം തേടുന്നു.

ഹദ്റത്ത് ഉമ്മെ സലമാ (റ) വിവരിക്കുന്നു. സുബ്ഹി നമസ്കാരം കഴിഞ്ഞതിനുശേഷം റസൂൽ (സ) ഈ പ്രാർത്ഥന ചെയ്യാറുണ്ടായിരുന്നു.

اَللّٰهُمَّ اِنِّیْ اَسْئَلُكَ عِلْمًا نَافِعًا وَرِزْقًا طَيِّبًا وَعَمَلاً مُتَقَبَّلاً

അല്ലാഹുവേ ഗുണപ്രദമായ അറിവിനെ ഞാൻ നിന്നോട് ചോദിക്കുന്നു. പരിശുദ്ധമായ രിസ്ഖ് ഞാൻ നിന്നോട് തേടുന്നു. സ്വീകരിക്കപ്പെടുന്ന പ്രവർത്തനങ്ങളും ഞാൻ നിന്നോട് യാചിക്കുന്നു.

അതുകൊണ്ട് നമ്മേ പ്രയോജനപ്രദമായ വ്യക്തിത്വങ്ങളാക്കി മാറ്റുന്നതിന് സൽപ്രവർത്തികൾ ചെയ്യുന്നതോടൊപ്പം അല്ലാഹുവിന്റെ സഹായവും നമുക്കാവശ്യമാണ്. പൈശാചികമായ വലയത്തിൽ അകപ്പെടുന്നതിൽ നിന്നം മനുഷ്യരാശിയെ രക്ഷിക്കുന്നത് ദൈവത്തിന്റെ അസ്തിത്വമാണ്. അല്ലാഹുവിന്റെ സഹായം കരഗതമാക്കുന്നത് അവന് ഏറ്റവും പ്രിയപ്പെട്ട ദാസനെ വസീല ആക്കിക്കൊണ്ട് നാം പ്രാർത്ഥിക്കുമ്പോഴാണ്. തിരുദൂതർ (സ)ന്റെ മാതൃക സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോഴാണ് ഇത് സാധിക്കുന്നത്. അപ്പോൾ നമ്മുടെ പ്രവർത്തനവും ഫലം നൽകുന്നതായിരിക്കും.

ഹദ്റത്ത് അബ്ദുല്ലാഹ്ബ്നുയസീദ് അൽഖത്ത്മി അൻസാരി രിവായത്ത് ചെയ്യുന്നു. റസൂൽ (സ) തന്റെ ദുആയിൽ ഇപ്രകാരം പറയാറുണ്ടായിരുന്നു. എന്റെ നാഥാ! എനിക്ക് നിന്റെ സ്നേഹം നൽകേണമേ. നിന്റെ സവിധത്തിൽ എനിക്ക് പ്രയോജനം നൽകുന്ന വ്യക്തിയുടെ സ്നേഹവും എനിക്ക് നൽകേണമേ. എന്റെ നാഥാ! നീ എനിക്ക് നൽകിയിരിക്കുന്ന എനിക്ക് ഇഷ്ടപ്പെട്ട വസ്തുക്കളിൽ നിന്ന് നിനക്കിഷ്ടപ്പെട്ട വസ്തുവിനെ എനിക്ക് ശക്തി നൽകുന്നതാക്കി മാറ്റേണമേ. എന്റെ നാഥാ! എനിക്കിഷ്ടപ്പെട്ട വസ്തുക്കളിൽ നിന്ന് ചിലത് നീ എന്നിൽ നിന്ന് അകറ്റിയിട്ടുണ്ട് അതിൽ എനിക്ക് നീ വിരക്തി തോന്നിപ്പിക്കേണമേ. നിനക്കിഷ്ടമുള്ളതിനോട് എനിക്ക് താത്പര്യം ഉണ്ടാക്കുകയും ചെയ്യേണമേ.

ലോകത്ത് അല്ലാഹുവിന് തിരുനബി (സ) യെക്കാളും പ്രിയപ്പെട്ടത് മറ്റൊന്നുമില്ല. അതുകൊണ്ട് എപ്പോഴും തിരുനബി (സ) യുടെ വസീലയോടുകൂടി നാം ദുആ ഇരക്കേണ്ടതാണ്. അങ്ങനെ അല്ലാഹുവിന്ന് ഏറ്റവും ഇഷ്ടമുള്ളത് നമുക്കും ഏറ്റവും ഇഷ്ടമുള്ളതായി മാറണം. അതുമുഖേന ഏതൊരു അനുഗ്രഹത്തെ ലോകത്ത് വ്യാപിക്കാനാണോ തിരുനബി (സ) ആഗതരായിരിക്കുന്നത് ആ അനുഗ്രഹം നമുക്ക് ലഭിക്കുമാറാകട്ടെ.

لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ

എന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു. ജനങ്ങൾ ഈ ലോകത്ത് ധനത്തെ വളരെയധികം സ്നേഹിക്കുന്നു അതുകൊണ്ടാണ് സ്വപ്ന ശാസ്ത്രത്തിൽ എഴുതിയിരിക്കുന്നത് ആരെങ്കിൽ തന്റെ കരൾ പറിച്ച് മറ്റൊരാൾക്ക് നൽകിയതായി സ്വപ്നം കണ്ടാൽ അതിന്റെ അർത്ഥം ധനമാണ് എന്ന്. യഥാർത്ഥ നന്മയും വിശ്വാസവും കരഗതമാകുന്നതിന്നായി പറഞ്ഞിരിക്കുന്നത്; ലൻതനാലുൽ ബിർറ അത്താതൂൻഫികൂ മിമ്മാ തുഹിബ്ബൂൻ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം കാലം നിങ്ങൾക്ക് യഥാർത്ഥ നന്മ കൈവരിക്കാൻ സാധ്യമല്ല എന്നാണ്. കാരണം സൃഷ്ടിസേവനത്തിനും അവരോട് അനുകമ്പ കാണിക്കുന്നതിനും ഏറ്റവും വലിയ പങ്ക് ധനം ചെലവു ചെയ്യുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. സമസൃഷ്ടിസേവനമെന്നതും ദൈവസൃഷ്ടികളോട് സഹതാപം കാണിക്കലും ഈമാന്റെ (വിശ്വാസത്തിന്റെ) രണ്ടാം ഭാഗമാണ്. ഇതില്ലാതെ ഈമാൻ, (വിശ്വാസം) പൂർണ്ണമാക്കുകയോ സ്ഥിര പ്രതിഷ്ഠ നേടുകയോ ചെയ്യുന്നതല്ല. മനുഷ്യൻ ത്യാഗം ചെയ്യാത്തിടത്തോളം മറ്റുള്ളവർക്ക് ഒരു ഗുണവും ചെയ്യാൻ സാധ്യമല്ല മറ്റുള്ളവർക്ക് സഹായം നൽകുന്നതിനും അവരോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നതിനും ത്യാഗം അനിവാര്യമാണ്. لَنْ تَنَالُوْا الْبِرَّ حَتّٰى تُنفِقُواْ مِمَّا تُحِبُّونَ എന്ന ആയത്തിൽ ഈ ഒരു ത്യാഗത്തെക്കുറിച്ചുള്ള പാഠമാണ് നൽകുന്നത്.

അതുകൊണ്ട് ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക എന്നതും മനുഷ്യന്റെ നന്മയെക്കുറിച്ചും തഖ്വയെക്കുറിച്ചും അറിയാനുള്ള ഒരു ഉരക്കല്ലാണ്.

സദഖ ചെയ്യാൻ ഹദീസുകളിൽ നിർദ്ദേശമുണ്ട്. ഇതെല്ലാം ചെയ്യാൻ കഴിയണമെങ്കിൽ ത്യാഗ മനോഭാവം ഉണ്ടായിരിക്കണം. അല്ലാഹുവിനോടും അവന്റെ റസൂലിലോടും യഥാർത്ഥ സ്നേഹമുണ്ടാകുമ്പോഴാണ് ഇതെല്ലാം കരഗതമാകുകയുള്ളൂ. ഇതു ലഭിക്കാൻ ഞാൻ നേരത്തെ കേൾപ്പിച്ച പ്രാർത്ഥനയിൽ തിരുനബി (സ) മാർഗ്ഗ നിർദ്ദേശം നൽകുന്നുണ്ട്.

نَفَعَ എന്നതിന്റെ അർത്ഥങ്ങൾ വിവരിച്ചുകൊണ്ട് نَافِعْ എന്നത് അല്ലാഹുവിന്റെ ഒരു നാമമാണെന്നും ഞാൻ പറഞ്ഞിരുന്നു. തന്റെ സൃഷ്ടികൾക്ക് ഉദ്ദേശിക്കുന്നത്ര ഗുണം നൽകുന്ന അസ്തിത്വം അവനാണ്. ലാഭവും നന്മയും എല്ലാം ഉണ്ടാകുന്നവൻ അവനാണ്. അല്ലാഹുവിന്റെ പ്രീതി കൂടി ലഭിക്കുമ്പോഴാണ് മനുഷ്യൻ പ്രയോ

ജനം കരസ്ഥമാക്കുന്നവനും മറ്റുള്ളവർക്ക് പ്രയോജനം നൽകുന്ന വനുമായിത്തീരുകയുള്ളൂ. തിരുനബി (സ) നാം ഉമ്മത്തിന്റെ പ്രയോജനപ്രദമായ വ്യക്തിത്വങ്ങളായിത്തീരാൻ ഉപദേശിച്ചതോടൊപ്പം അതിനുള്ള ഉത്തമ മാതൃക കാണിച്ചുകൊടുക്കുകയും അതോടൊപ്പം പ്രയോജന പ്രദമായ വ്യക്തികളായിത്തീരാനായി അല്ലാഹുവിനോട് ദുആ ചെയ്യാനും ഉപദേശിക്കുകയും ചെയ്തു. യഥാർത്ഥ അർത്ഥത്തിൽ പ്രയോജനം നൽകുന്ന അസ്തിത്വം അല്ലാഹുവിന്റെ അസ്തിത്വമാണ്. അല്ലാഹുവിന്റെ ഗുണങ്ങൾ ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് തങ്ങളിൽ സ്വാംശീകരിക്കൽ ശ്രമിക്കുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ ഈ വിഷയം പ്രതിപാദിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു.

قَالَ اَفَتَعْبُدُوْنَ مِنْ دُوْنِ اللّٰهِ مَا
لَا يَنْفَعُكُمْ شَيْـًٔا وَّ لَا يَضُرُّكُمْ ۝٦٧

അദ്ദേഹം പറഞ്ഞു. അപ്പോൾ നിങ്ങൾക്ക് ഒരു ഉപകാരവും ഒരു ഉപദ്രവവും ചെയ്യാത്ത വസ്തുക്കളെയാണോ നിങ്ങൾ അല്ലാഹുവിനു പുറമെ ആരാധിക്കുന്നത്? (21.6) ദുൻയാവിലും ആഖിറത്തിലും ശരിക്കും പ്രയോജനം നൽകുന്നത് അല്ലാഹുവിന്റെ അസ്തിത്വം തന്നെയാണ്.

ബിംബാരാധന എന്ന കൃത്യം അന്നും ഇന്നും ബഹുദൈവാരാധകർ ചെയ്യുന്നുണ്ട് അത് പ്രകടമായ ശിർക്കാണ്. സ്വന്തം കൈകളെക്കൊണ്ടുണ്ടാക്കി പിന്നെ അവർ അതിനെ തൊഴുകുന്നു. അത് അവർക്ക് ഒരു ഗുണമോ ദോഷമോ വരുത്തുകയില്ല. ഈ ശിർക്ക് എല്ലാവർക്കും കാണാൻ സാധിക്കുന്നതാണ്. എന്നാൽ ചിലത് ഗോപ്യമായ ശിർക്കാണ്. ഭൗതികമായ കാര്യത്തിൽ ചിലപ്പോൾ പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ ഭൗതികമായ വസ്തുക്കളെ ആവശ്യത്തിൽ കൂടുതൽ ആശ്രയിക്കുക, അതിൽ കൂടുതൽ താത്പര്യം കാണിക്കുക. ഉന്നതോദ്യോഗസ്ഥന്മാരെ അതിരുവിട്ട് ആദരിക്കൽ തുടങ്ങിയവ. അല്ലാഹുവിന്റെ പ്രീതി ഇല്ലെങ്കിൽ ഭൗതികമായ സംവിധാനങ്ങൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല.

ഒരാൾ ഒരു സംഭവം വിവരിക്കുകയുണ്ടായി. അദ്ദേഹത്തിന് ജോലി എവിടെയും കിട്ടുന്നുണ്ടായിരുന്നില്ല. അവസാനം അദ്ദേഹത്തിന്റെ ഒരു ബന്ധുവിന് ഇദ്ദേഹം ജോലി അന്വേഷിച്ച് നടക്കുകയാണെന്ന് അറിയാൻ കഴിഞ്ഞു. നല്ല പഠിപ്പൊക്കെയുള്ള ആളായിട്ടും ജോലി ലഭിക്കാത്തതിൽ അദ്ദേഹത്തിന് വല്ലാത്ത കുണ്ഠിതം തോന്നി. അദ്ദേഹം ഇയാളെ വിളിച്ച് പറഞ്ഞു. എനിക്ക് പരിചയമുള്ള എന്റെ സുഹൃത്തായ ഒരു ഉന്നത ഉദ്യോഗസ്ഥനുണ്ട്. നമുക്ക് നാളെ അദ്ദേഹത്തെപ്പോയി കാണാം. അതുകൊണ്ട് കാലത്ത് എന്റെ അടുത്ത് വരിക. അങ്ങനെ ആ ഉദ്യോഗസ്ഥനെ കാണാൻ പോയി. അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. ശരി, നിങ്ങൾ നാളെ രാവിലെ എന്റെ ഓഫീസിലേക്ക് വരിക. ഞാൻ ജോലി ശരിയാക്കിത്തരാം. ഒരു പോസ്റ്റ് ഒഴിവുണ്ട്. അദ്ദേഹം പറയുന്നു. പിറ്റേന്ന് കാലത്ത് സൈക്കിളിൽ ഞാൻ ഓഫീസിലേക്ക് പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ ഗേറ്റ് അടഞ്ഞുകിടക്കുന്നതായി കണ്ടു. ഞാൻ അവിടെയുണ്ടായിരുന്ന ഗേറ്റ് കീപ്പറോട് അധികാരത്തോടുകൂടി തന്നെ പറഞ്ഞു. ഇന്ന ഓഫീസർ എന്നോട് ഇവിടെ വരാൻ പറഞ്ഞതാണ് എനിക്ക് ജോലി നൽകാം എന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഗേറ്റ് തുറക്കൂ. അപ്പോൾ ആ ഗേറ്റ് കീപ്പർ പറഞ്ഞു. നിങ്ങൾ പറയുന്ന ആ ഓഫീസർ ഇന്ന് ഓഫീസിൽ വരാനിരിക്കെ ഹൃദയസ്തംഭനം മൂലം മരണപ്പെട്ടുപോയി. അല്ലാഹുവിനെക്കൂടാതെ മറ്റുള്ളവരെ ആശ്രയിക്കുമ്പോൾ ഇങ്ങനെയുള്ള അവസ്ഥ ഉണ്ടായിത്തീരുന്നു. അദ്ദേഹത്തിന് ഇതിൽ വളരെയധികം നിരാശയുണ്ടായി. മനുഷ്യരെ ദൈവമാക്കുമ്പോഴെല്ലാം ഈ അവസ്ഥയാണ് നേരിടേണ്ടി വരുന്നത്. അല്ലാഹു പറയുന്നു. നിങ്ങൾ എന്നിലേക്ക് തിരിയുകയാണെങ്കിൽ നിങ്ങൾക്ക് പ്രയോജനം നൽകുന്നവൻ ഞാൻ തന്നെയാണ്.

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു. നിങ്ങൾക്ക് എപ്പോഴും പരലോക ചിന്ത ഉണ്ടായിരിക്കണം. കാരണം ലാഭ നഷ്ടങ്ങളുടെ കണക്കെടുപ്പ് അവിടെയാണ് നടക്കുന്നത്. പറയുന്നു:

يَوْمَ لَا يَنْفَعُ مَالٌ وَّلَا بَنُوْنَ ۝٨٩
اِلَّا مَنْ اَتَى اللّٰهَ بِقَلْبٍ سَلِيْمٍ ۝٩٠

(26:89,90)

ധനമോ, മക്കളോ പ്രയോജനപ്പെടാത്ത ആ നാളിൽ. പക്ഷെ, ഖൽബെ സലീം, അനുസരമുള്ള ഹൃദയവുമായി അല്ലാഹുവിന്റെയടുക്കൽ ചെന്നവർ മാത്രം (രക്ഷപ്രാപിക്കും) (26:89,90)

അല്ലാഹുവിനെ ആരാധിക്കുന്നില്ലെങ്കിൽ, അവൻ പറഞ്ഞ നന്മകൾ ചെയ്യുന്നില്ലെങ്കിൽ ധനത്തിലും മക്കളിലും സന്തോഷിച്ചിട്ട് കാര്യമൊന്നുമില്ല. ഇതൊന്നും നമുക്ക് പ്രയോജനം നൽകില്ല. എത്ര സ്വത്ത് ഉപേക്ഷിച്ചിട്ടാണ് വരുന്നതെന്നോ? എത്ര മക്കളെ ഉപേക്ഷിച്ചിട്ടാണ് വരുന്നതെന്നോ അല്ലാഹു ചോദിക്കില്ല. നമ്മുടെ നന്മകളാണ് നമുക്ക് പ്രയോജനം നൽകുകയുള്ളൂ. നന്മകളിൽ സ്ഥിര പ്രതിഷ്ഠ അർപ്പിച്ചിട്ടുള്ള മക്കൾ പ്രയോജനം നൽകുന്നതാണ്. മാതാപിതാക്കൾ ചെയ്തിരുന്ന നന്മകളെ നിലനിറുത്തുന്ന മക്കളാണെങ്കിൽ ആ മക്കളുടെ നന്മകൾ പരലോകത്ത് മാതാപിതാക്കൾക്ക് ഓരോ നിമിഷവും ഫലം നൽകിക്കൊണ്ടിരിക്കുന്നതാണ്.

അനുസരണമുള്ള ഹൃദയവുമായി നിങ്ങൾ ഹാജരാകുകയാണെങ്കിൽ ഇതായിരിക്കും നിങ്ങൾക്ക് ഏറ്റവും പ്രയോജനം നൽകുന്നത്. അല്ലാഹുവിനെ എപ്പോഴും ആരാധിച്ചുകൊണ്ട് ജീവിച്ച ഹൃദയവുമായി പോവുകയാണെങ്കിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായിത്തീരുന്നതാണ്. സൃഷ്ടിസേവനത്തിൽ നിരതമായ ഹൃദയവുമായി ചെന്നാൽ മാത്രമേ പ്രയോജനം ചെയ്യുന്ന അല്ലാഹുവിൽ നിന്നും ഫലമെടുക്കാൻ സാധിക്കുകയുള്ളൂ. ഭാഷാർത്ഥത്തിൽ ഖൽബെ സലീം എന്നതിന്റെ വിവക്ഷ അന്യദൈവങ്ങളിൽ നിന്നും പൂർണ്ണമായും പരിശുദ്ധമായ ഹൃദയം എന്നാണ്. വിശ്വാസത്തിന്റെ ബലഹീനതയിൽ നിന്നും പൂർണ്ണമായും പരിശുദ്ധമായത് എന്നും ഇതിന്നർത്ഥമുണ്ട്. എല്ലാതരം വഞ്ചനയിൽ നിന്നും മറ്റുള്ളവർക്ക് നഷ്ടം വരുത്തുന്ന ചിന്തകളിൽ നിന്നും ദു:സ്വഭാവങ്ങളിൽ നിന്നും മുക്തമായ ഹൃദയത്തിനും ഖൽബെ സലീം എന്ന് പറയും. മറ്റുള്ളവർക്കായി വേദനിക്കുന്ന ഹൃദയത്തിന്നാണ് ഖൽബെ സലീം എന്ന് പറയുക എന്നാണ് ചിലർ പറഞ്ഞിരിക്കുന്നത്. ഇങ്ങനെയുള്ളവർ എന്റെ പ്രീതിയുടെ സ്വർഗ്ഗത്തിൽ എന്നെന്നും വസിക്കുന്നവരായിരിക്കും എന്നും അല്ലാഹു പറയുന്നു. സദ്പ്രവർത്തികൾ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാകുന്ന ഹൃദയം അല്ലാഹു നമുക്ക് നൽകുമാറാകട്ടെ.

ഹദ്റത്ത് മസീഹ് (അ) ന്റെ ഒരു ഉദ്ധരണി ഞാൻ കേൾപ്പിക്കാം. അദ്ദേഹം തന്റെ ജമാഅത്തിലുള്ളവർ എങ്ങനെയുള്ളവരായിരിക്കണം എന്നാണ് ആഗ്രഹിച്ചത് എന്ന കാര്യം ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ഒരാൾ ദീനി സേവനത്തിൽ സദാ മുഴുകിയിരിക്കുന്നവനാണെന്നും അല്ലാഹുവിന്ന് വേണ്ടിയും അവന്റെ റസൂലിന് വേണ്ടിയും അവന്റെ ഗ്രന്ഥത്തിന് വേണ്ടിയും അല്ലാഹുവിന്റെ സൃഷ്ടികൾക്ക് വേണ്ടിയും പ്രയോജനപ്രദമാണ് അവന്റെ വ്യക്തിത്വമെന്നും എനിക്കറിയാൻ സാധിച്ചാൽ അങ്ങനെയുള്ള വ്യക്തികൾക്കായി ദുആ ചെയ്യാൻ എന്റെ ഹൃദയത്തിൽ പ്രത്യേകമായ ഒരാവേശം ഞാൻ കാണുന്നു. ഈ ഒരു കാര്യം എന്റെ ശ്രദ്ധയെ അവരിലേക്ക് പൂർണ്ണമായും ആകർഷിക്കുന്നു. അങ്ങനെയുള്ള വ്യക്തികൾക്ക് നേരിടുന്ന വ്യസനവും വേദനയും യഥാർത്ഥത്തിൽ എനിക്കാണ് നേരിടുന്നത്. അതുകൊണ്ട് ദീനീ സേവനത്തിന്നായി നമ്മുടെ സുഹൃത്തുക്കൾ ദൃഢനിശ്ചയം ചെയ്യുക. ഏതു രീതിയിൽ എങ്ങനെ സേവനം ചെയ്യാൻ ഓരോരുത്തർക്കും സാധിക്കുമോ ആ രീതിയിൽ സേവനം ചെയ്യുക.

ഒരു കാര്യം ഞാൻ സത്യമായും പറയാൻ ആഗ്രഹിക്കുന്നു. ദീനിന് സേവനം ചെയ്യുന്നവർക്കും ജനങ്ങൾക്ക് പ്രയോജനം ഉള്ള വ്യക്തികൾക്കും മാത്രമേ അല്ലാഹുവിന്റെ സവിധത്തിൽ സ്ഥാനമാനങ്ങളുള്ളൂ. ഇതല്ലെങ്കിൽ നായ്ക്കളെ പോലെയും ആടുകളെപ്പോലെയും ജനങ്ങൾ അറുക്കപ്പെടുകയാണെങ്കിലും അല്ലാഹുവിന്ന് അതിൽ തരിമ്പും പ്രശ്നമുണ്ടാകില്ല.

വിശുദ്ധ ഖുർആന്റെയും തിരുഹദീസുകളുടേയും വെളിച്ചത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിലുള്ളവർ കരസ്ഥമാക്കണമെന്ന് ആഗ്രഹിച്ച ആ ഉന്നത പദവികൾ കരസ്ഥമാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

---


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 24 - 04 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**